ഇ2-38/2016

ജയിലാസ്ഥാനകാര്യാലയം
തിരുവനന്തപുരം
തീയതി.06.01/2016.

# സർക്കുലർ നം. 3/2016

സംസ്ഥാനത്തെ ജയിലുകളേയും ജീവനക്കാരേയും സംബന്ധിക്കുന്ന വാർത്തകൾ നിരന്തരം പത്ര, ദൃശ്യ മാധ്യമങ്ങളിൽ ഇടം പിടിക്കാറുണ്ട്. എന്നാൽ ഇത്തരം വാർത്തകൾ സൃഷ്ടിക്കുന്നതിനാവശ്യമായ അസത്യവും അർദ്ധ സത്യവുമായ വിവരങ്ങൾ മാധ്യമങ്ങൾക്ക് ചോർത്തി നൽകുന്നതിനും ആവശ്യമായ സഹായങ്ങൾ നൽകുന്നതിനും, വകുപ്പിലെ ചില ഉദ്യോഗസ്ഥർ ശ്രമിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വകുപ്പിനും സർക്കാരിനും പൊതുജന മദ്ധ്യത്തിൽ അവമതിപ്പുണ്ടാക്കുന്ന ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നുള്ള ഇത്തരം നിരുത്തരവാദപരമായ സമീപനങ്ങൾ അംഗീകരിക്കാനാവില്ല.

വകുപ്പിലെ ജീവനക്കാർക്കെതിരെ ഏതെങ്കിലും പരാതി (വ്യക്തിപരമായോ പൊതുവായോ) ഉള്ള പക്ഷം ആയത് ബന്ധപ്പെട്ട സ്ഥാപന മേധാവികൾ മുഖേനയോ ഡി.ഐ.ജി, ഐ.ജി മുഖാന്തിരമോ അല്ലാത്ത പക്ഷം വകുപ്പദ്ധ്യക്ഷൻ ജയിൽ സ്ഥാപനങ്ങൾ സന്ദർശിക്കുന്ന അവസരത്തിൽ ജീവനക്കാർക്ക് അവരുടെ പരാതികൾ നേരിട്ട് ബോധിപ്പിക്കാവുന്നതും പരിഹാരം കാണാവുന്നതുമാണ്. കൂടാതെ സർക്കാരിന്റേയോ വകുപ്പിന്റേയോ മുൻകൂർ അനുമതി വാങ്ങാതെ ദൃശ്യമാധ്യമങ്ങളിൽ പ്രത്യക്ഷപ്പെടുന്നതും ജയിൽ വകുപ്പിനെ സംബന്ധിക്കുന്ന വിവരങ്ങൾ ദൃശ്യമാധ്യമങ്ങൾക്ക് ചോർത്തി നൽകുന്നതും ഗുരുതരമായ അച്ചടക്ക ലംഘനമായി കണക്കാക്കുന്നതാണ്.

ഇത്തരം നിർദ്ദേശങ്ങൾ ലംഘിക്കുന്നവർക്കെതിരേ കർശനമായ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതാണ്.

6/1

ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് &
കറക്ഷണൽ സർവ്വീസസ്സ്

എല്ലാ ജയിൽ സ്ഥാപന മേധാവികൾക്കും (എല്ലാ ഉദ്യോഗസ്ഥർക്കും ഇതു സംബന്ധിച്ച അറിയിപ്പ് നൽകേണ്ടതാണ്)